**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2111** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിൻറെ ക്ഷേമ പദ്ധതികളായ ഭൂരഹിത ഭവനരഹിത പദ്ധതി, ഭവന പൂർത്തീകരണ ധനസഹായ പദ്ധതി, ഭവന നിർമ്മാണം (സ്പിൽ ഓവർ) പദ്ധതി, പഠനമുറി നിർമ്മാണ ധനസഹായ പദ്ധതി, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ചികിത്സാ ധനസഹായം, വാത്സല്യനിധി, ഏകവരുമാനദായകന്റെ മരണത്തെ തുടർന്നുള്ള ധനസഹായം, സ്വയംതൊഴിൽ വായ്പാ പദ്ധതി, അംബേദ്ക്കർ ഗ്രാമ പദ്ധതി, വിദ്യാഭ്യാസ പദ്ധതികളായ ഇ-ഗ്രാന്റ്സ്, ധനസഹായം, ലംപ്സം ഗ്രാന്റ്, പ്രൈമറി സെക്കന്ററി എയ്ഡ്, അയ്യങ്കാളി സ്കോളർഷിപ്പ് തുടങ്ങി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിലും നടപ്പിലാക്കുന്നുണ്ട് ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (ബി) | ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | വിവാഹ ധനസഹായം 2021-22 വർഷത്തിൽ 69 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ 30 പേർക്ക് തുക അനുവദിച്ചു.ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിശ്രവിവാഹ ധനസഹായം 7 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചികിത്സാ ധനസഹായം 14 പേർക്ക് അനുവദിച്ചത് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പഠനമുറി നിർമ്മാണ ധനസഹായം, ഭൂരഹിത ധനസഹായം എന്നിവ നടപ്പുവർഷം നടപ്പിലാക്കുന്നതിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായ |

| | | | |
|---|---|---|---|
| | | | പദ്ധതികളായ ലംപ്സംഗ്രാന്റ്, പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്. അംബേദ്കർ ഗ്രാമപദ്ധതി 2019-20 വർഷം നടപ്പിലാക്കുന്ന ചളവറ പഞ്ചായത്തിലെ ചെട്ടിത്തൊടി കോളനിയിലാണ്. പ്രസ്തുത പ്രവൃത്തി നടപ്പ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്. |
| (സി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും പൂർത്തീകരിയ്ക്കാത്തവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | വിവാഹ ധനസഹായം 2021-22 വർഷത്തിൽ 69 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ 30 പേർക്ക് തുക അനുവദിച്ചു.ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിശ്രവിവാഹ ധനസഹായം 7 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചികിത്സാ ധനസഹായം 14 പേർക്ക് അനുവദിച്ചത് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പഠനമുറി നിർമ്മാണ ധനസഹായം, ഭൂരഹിത ധനസഹായം എന്നിവ നടപ്പുവർഷം നടപ്പിലാക്കുന്നതിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായ പദ്ധതികളായ ലംപ്സംഗ്രാന്റ്, പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്. അംബേദ്കർ ഗ്രാമപദ്ധതി 2019-20 വർഷം നടപ്പിലാക്കുന്ന ചളവറ പഞ്ചായത്തിലെ ചെട്ടിത്തൊടി കോളനിയിലാണ്. പ്രസ്തുത പ്രവൃത്തി നടപ്പ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ